കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 20 | ജനുവരി 31, 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ

2 ജന്തുക്ഷേമം പരിസ്ഥിതി സന്തുലനത്തിന് അത്യാവശ്യം: മന്ത്രി ജെ.ചിഞ്ചുറാണി

4 ആറളം ഫാം–ഒന്നാം ഘട്ട നവീകരണം പൂർത്തീകരണ റിപ്പോർട്ട് കൈമാറി

6 "ഞങ്ങളും കൃഷിയിലേക്ക്" ആധുനിക സങ്കേതങ്ങളുടെ ആവശ്യകത

# കൃഷി വകുപ്പ് ഫാമുകൾ കാർബൺ ന്യൂട്രൽ കൃഷിയിലേക്ക് – മന്ത്രി ശ്രീ. പി. പ്രസാദ്

കൃഷിവകുപ്പിന്റെ കീഴിൽ ഉള്ള എല്ലാ ഫാമുകളും ഉടൻ തന്നെ കാർബൺ ന്യൂട്രൽ കൃഷിയിലേക്ക് മാറുമെന്ന് കൃഷി വകുപ്പ് മന്ത്രി ശ്രീ. പി.പ്രസാദ്. വയനാട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ പുതുതായി നിർമിച്ച ആധുനിക സൗകര്യങ്ങളോട് കൂടിയ ജില്ലാ ഓഫീസ് ഓൺലൈനായി ആയി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്ന മന്ത്രി. കേരളം ക്രമേണ ജൈവ കൃഷിയിലേക്ക് മാറേണ്ടതുണ്ട്. ആഗോള താപനവും അതിന്റെ ഫലമായി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും ഇല്ലാതാക്കാൻ നാം തന്നെ മുന്നിട്ട് ഇറങ്ങിയെ മതിയാവൂ എന്നും മന്ത്രി പറഞ്ഞു. ഇ-ഓഫിസ് സംവിധാനം നിലവിൽ വരുന്നതോടെ ഓഫീസുകൾ പേപ്പർ രഹിതമാകുകയും കേരള -കേന്ദ്ര പദ്ധതികളിലെ ആനുകൂല്യങ്ങൾ താമസം കൂടാതെ കർഷകരിലേക്ക് എത്തിക്കാനും.സാധിക്കും. വയനാട് ഒരു കാർഷിക ജില്ലയാണ്. ജില്ലയിലെ വിവിധ കർഷകരുടെ ആശയങ്ങളും അഭിപ്രായങ്ങളും, ആശങ്കകളും നേരിൽ അറിയുന്നതിനായി ഉടൻ തന്നെ കർഷകരുമായി നേരിട്ട് ആശയ വിനിമയം നടത്താൻ കൃഷി വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. വിശദമായ ചർച്ചകളിലൂടെയും ആശയ വിനിമയത്തിലൂടെയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തും.കൃഷിക്കാരന് കൃഷികൊണ്ട് അന്തസാർന്ന ജീവിതം നയിക്കാൻ കഴിയണം. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കാൻ സാധിക്കണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

ഓൺലൈനായി ആയി സംഘടിപ്പിച്ച ചടങ്ങിൽ കൽപറ്റ എം.എൽ.എ അഡ്വ.ടി.സിദ്ദിഖ് അധ്യക്ഷം വഹിച്ചു. വയനാട്ടിലെ പ്രസിദ്ധ ജൈവ കർഷകൻ ആയ ചെറുവയൽ രാമനെ മന്ത്രിക്കു വേണ്ടി എം.എൽ.എ ആദരിക്കുകയും പുതിയ ഇ-ഓഫീസിന്റെ സ്വിച്ച് ഓൺ കർമം നിർവഹിക്കുകയും ചെയ്തു. ചടങ്ങിൽ ജില്ലാ തല പച്ചക്കറി കർഷക, അവാർഡുകൾ മന്ത്രി പ്രഖ്യാപിച്ചു.

വയനാട് ജില്ലാ കൃഷി ഓഫീസർ ശ്രീ. ജി.മുരളീധരമേനോൻ സ്വാഗതം പറഞ്ഞു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശ്രീ. ടി.വി. സുഭാഷ് ഐ.എ.എസ് പദ്ധതി വിശദീകരണം നടത്തി. രാജ്യസഭ എം.പി.ശ്രീ. എം. ശ്രേയാംസ് കുമാർ, വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സംഷാദ് മരയ്ക്കാർ എന്നിവർ ആശംസകൾ അറിയിച്ചു. ത്രിതല പഞ്ചായത്തിലെ വിവിധ ജന പ്രതിനിധികൾ, വിവിധ രാഷ്ട്രീയ പ്രതിനിധികൾ, കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി. സജിമോൾ വി.കെ. നന്ദി പറഞ്ഞു.





ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എസ്. ശരത്ചന്ദ്രകുമാർ
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

# ജന്തുക്ഷേമം പരിസ്ഥിതി സന്തുലനത്തിന് അത്യാവശ്യം: മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി



മൃഗങ്ങളുടെയും വൃക്ഷങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യപരമായ പരിപാലനത്തിലൂടെ മാത്രമേ മനുഷ്യന് ആരോഗ്യകരമായ ജീവിതം സാധ്യമാകൂ. പൊതുസമൂഹത്തിനും പുതുതലമുറയ്ക്കും മൃഗക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം നൽകേണ്ടതുണ്ടെന്ന് ജനുവരി 15 മുതൽ 31 വരെ മൃഗസംരക്ഷണവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവന്ന ജന്തുക്ഷേമ ദ്വൈവാരാചരണത്തിന്റെ സമാപന സമ്മേളനം ഓൺലൈനായി ഉദ്ഘാടനം ചെയ്തു സംസാരിക്കവെ മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി. ജെ.ചിഞ്ചുറാണി അഭിപ്രായപ്പെട്ടു. തെരുവുനായ നിയന്ത്രണം, വളർത്തുനായ്ക്കളുടെ ലൈസൻസിംഗ്, ആനകളുടെ പരിപാലനം എന്നിവയെല്ലാം നടന്നുവരുന്ന പദ്ധതികളാണ്. ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ കുടപ്പനക്കുന്നിൽ സംഘടിപ്പിച്ച പരിപാടിയിൽ വട്ടിയൂർക്കാവ് എം.എൽ.എ അഡ്വ. വി.കെ. പ്രശാന്ത് അദ്ധ്യക്ഷത വഹിച്ചു. തിരുവനന്തപുരം മേയർ കുമാരി ആര്യരാജേന്ദ്രൻ മുഖ്യാതിഥിയായിരുന്നു.

സ്റ്റേറ്റ് അനിമൽ വെൽഫെയർ ബോർഡ് 2007 ൽ പ്രവർത്തനമാരംഭിച്ചെങ്കിലും അടുത്തിടയ്ക്കാണ് കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ബോർഡ് തുടക്കം കുറച്ചതെന്ന് മന്ത്രി സൂചിപ്പിച്ചു. 2021 നുശേഷം മൃഗക്ഷേമത്തിനായുള്ള അറിവും അവബോധ പരിപാടികളും നൽകിവരുന്നതിലൂടെ മൃഗങ്ങളോടുള്ള ക്രൂരത തടയാൻ ഒരു പരിധിവരെ കഴിഞ്ഞു.

ജനുവരി 11 മുതൽ 31 വരെ സംസ്ഥാനത്തെ വിവിധ ട്രെയിനിംഗ് സെന്ററുകൾ, മൃഗസംരക്ഷണ സ്ഥാപനങ്ങൾ എന്നിവ വഴി വിവിധ പരിശീലന പരിപാടികളും കുട്ടികൾക്കായുള്ള മത്സരങ്ങളും നടത്തി. ജില്ലാകളക്ടർമാരുടെ അധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മാത്രമേ മൃഗക്ഷേമം അതിന്റെ പൂർണതയിൽ എത്തിക്കാനാകൂ എന്നും മന്ത്രി പറഞ്ഞു. ഡോ. വി. എം. ഹാരിസ്, ഡോ. ഹരികൃഷ്ണകുമാർ, ഡോ. ബീനാ ബീവി, ശ്രീമതി. മരിയ ജേക്കബ്, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ഡോ. ശോശാമ്മ ഐപ്പിന് പത്മശ്രീ പുരസ്ക്കാരം



കഴിഞ്ഞ മുപ്പതിലധികം വർഷങ്ങളായി കേരളത്തിന്റെ ജൈവസമ്പത്തിലൊന്നായ, വംശനാശം നേരിട്ട്കൊണ്ടിരുന്ന വെച്ചൂർ പശുക്കളെ ശാസ്ത്രീയരീതിയിലൂടെ സംരക്ഷിച്ചെടുത്ത ശാസ്ത്രജ്ഞയായ ഡോ. ശോശാമ്മ ഐപ്പിന് പത്മശ്രീ പുരസ്ക്കാരം നൽകി ആദരിച്ചിരിക്കുന്നു. കേരള വെറ്ററിനറി കോളേജിലും, NDDB കർണാലിലും മറ്റുപലകേന്ദ്രങ്ങളിലും ദീർഘകാലം പ്രവർത്തിച്ചിട്ടുള്ള ജനിതകശാസ്ത്രജ്ഞയാണ് ഡോ. ശോശാമ്മ ഐപ്പ്.

മൃഗസംരക്ഷണ വകുപ്പിന്റെ ജില്ലാതല ധനസഹായ വിതരണം മലപ്പുറത്ത് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ .ചിഞ്ചു റാണി ഉദ്ഘാടനം ചെയ്തു.




ക്ഷീരവികസനവകുപ്പ്, ഇത്തിക്കര ബ്ലോക്ക്പഞ്ചായത്ത്, ബ്ലോക്കിലെ വിവിധ ഗ്രാമപഞ്ചായത്തുകൾ, മിൽമ, ക്ഷീരസഹകരണ സംഘങ്ങൾ മറ്റ് സഹ കരണ സംഘങ്ങൾ, കേരളഫീഡ്സ്, തുടങ്ങിയവയുടെ സഹകരണത്തോടെ ഏറം വടക്ക്ക്ഷീരോത്പാദക സഹ കരണ സംഘത്തിന്റെ ആതിഥേയ ത്വത്തിൽ സംഘടിപ്പിച്ച ഇത്തിക്കര ബ്ലോക്ക്ക്ഷീരകർഷക സംഗമം ജാനവരി 18 ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ .ചിഞ്ചു റാണി ഉദ്ഘാടനം ചെയ്തു.



ക്ഷീര വികസനവകുപ്പ് പാലക്കാട് 2021-22 വർഷത്തിലെ ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ആസ്തി വികസന പദ്ധതി പ്രകാരം 8 ലക്ഷം രൂപ ധനസ ഹായം നൽകി സ്ഥാപിച്ച 20kw സോളാർ പവർ പ്ലാന്റിന്റെ ഉദ്ഘാടനം ജാനവരി 15 ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ .ചിഞ്ചു റാണി ചുള്ളി മട ക്ഷീരസംഘത്തിൽ വച്ച് നിർവ്വഹിച്ചു.



ക്ഷീര വികസന വകുപ്പിന്റെ ആസ്തി വികസന പദ്ധതി ധനസഹായത്തോടെ യും മലബാർ മേഖലായൂണിയന്റെ സഹ കരണത്തോടെയും നിർമ്മിച്ച വടക്കൻ വെള്ളിനേഴി ക്ഷീരോൽപ്പാദക സഹക രണസംഘത്തിന്റെ കെട്ടിട ഉദ്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ .ചിഞ്ചു റാണി നിർവഹിച്ചു.



# ആറളം ഫാം–ഒന്നാം ഘട്ട നവീകരണം പൂർത്തീകരണ റിപ്പോർട്ട് കൈമാറി

ആറളം ഫാം നവീകരണം 14.56 കോടി രൂപയുടെ പദ്ധതിയുടെ ആദ്യ ഘട്ടം പൂർത്തീകരണ റിപ്പോർട്ട് ഫാമിംങ് കോർപ്പറേഷൻ ചെയർമാനും ജില്ലാ കളക്ടറുമായ ശ്രീ. എസ്.ചന്ദ്രശേഖർ ഐ.എ.എസ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റും ഫാം വർക്കേഴ്സ് യൂണിയൻ പ്രസിഡന്റുമായ അഡ്വ.ബിനോയ് കുര്യന് കൈമാറിക്കൊണ്ട് പ്രകാശനം ചെയ്തു.

ആദ്യഘട്ടമായി ലഭിച്ച 3 കോടി രൂപ ഉപയോഗിച്ച് സെൻട്രൽ നേഴ്സറി നവീകരണം, കാർഷിക യന്ത്രവൽക്കരണം. പുതിയ നേഴ്സറി, ഫലവൃക്ഷങ്ങൾ, സുഗന്ധവിളകൾ, വിദേശ ഫലവൃക്ഷങ്ങൾ, ഉദ്യാന സസ്യങ്ങൾ എന്നിവയുടെ മാതൃ തോട്ടങ്ങൾ. പശു, ആട് ഫാം, മത്സ്യ കൃഷി, 25 ഏക്കറിൽ മഞ്ഞൾ കൃഷി എന്നിവ പൂർത്തീകരിച്ചു. പുതിയ



സെയിൽസ് കൗണ്ടർ , പണിയായുധങ്ങളുടെ സ്റ്റോർ എന്നിവയും നിർമ്മിച്ചു.

കോവിഡ് മാനദണ്ഡപ്രകാരം നടത്തിയ ചടങ്ങിൽ ഫാം എം.ഡി ശ്രീ. എസ് ബിമൽ ഘോഷ് അദ്ധ്യക്ഷനായിരുന്നു . ട്രേഡ് യൂണിയൻ നേതാവ് ശ്രീ. കെ.കെ. ജനാർദ്ദനൻ,ഐ. റ്റി .ഡി. പി. പ്രോജക്ട് ഓഫീസർ ശ്രീ. എസ്. സന്തോഷ് കുമാർ , ഫാമിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കാർഷിക സർവകലാശാല ശസ്ത്രജ്ഞർക്കു ദേശീയ അംഗീകാരം





സുവർണ ജൂബിലിയുടെ നിറവിൽ നിൽക്കുന്ന കേരളകാർഷിക സർവകലാശാലക്ക് അഭിമാനമായി ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ ഏർപ്പെടുത്തിയിട്ടുള്ള എമിരറ്റ്സ് പ്രൊഫസർ പദവിക്ക്സർവകലാശാലയിൽ നിന്നും വിരമിച്ച ഡോ. പി. ഇന്ദിരാദേവി (കാർഷികസാമ്പത്തികശാസ്ത്രം), ഡോ.ഡി. ഗിരിജ (അഗ്രി. മൈക്രോബയോളജി) എന്നിവർ അർഹരായി. സംസ്ഥാന കാർഷിക സർവ്വകലാശാലകൾ, ഭാരതീയ ഗവേഷണ കൗൺസിലിന്കീഴിലുള്ള ശാസ്ത്രജ്ഞർ എന്നിവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്കാണ് ഈ പദവിലഭിക്കുക . വിദഗ്ധരായ അധ്യാപകരുടെ സേവനം വിരമിച്ച ശേഷവും, അക്കാഡമിക-ഗവേഷണ രംഗങ്ങളിൽ ലഭ്യമാക്കുക എന്നതാണ് ഈ പദവിയിലൂടെ കൗൺസിൽ ലക്ഷ്യമിടുന്നത്.

# അറിയിപ്പുകൾ

കാർഷിക യന്ത്രങ്ങൾ കൈവശമുള്ള എല്ലാ കാർഷിക യന്ത്ര ഉടമകളും, മറ്റ് ഇതര ഏജൻസികളും അവരവരുടെ പരിധിയിലുള്ള കൃഷിഭവനകളിൽ 2022 ഫെബ്രുവരി 28 ന് മുമ്പായി യന്ത്രങ്ങളുടെ വിവരങ്ങൾ നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിച്ചു. മാതൃക ഫോം കൃഷിഭവനകളിൽ ലഭ്യമാണ്.

നാളികേര വികസന കോർപ്പറേഷനും വേങ്ങേരി കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രവും സംയുക്തമായി കേരള സർക്കാരിന്റെ പച്ചതേങ്ങ സംഭരണപദ്ധതി പ്രകാരം നാളികേര സംഭരണം ആരംഭിച്ചു. കൃഷിഭവനിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രവൃത്തി ദിവസവും 10 മണി മുതൽ 4 മണി വരെ വേങ്ങേരിയിലുള്ള കാർഷിക വിപണന കേന്ദ്രത്തിലുള്ള നാളികേര ഡ്രയർ യൂണിറ്റിൽ കിലോക്ക് 32 രൂപ നിരക്കിൽ കർഷകരിൽ നിന്നും പച്ച തേങ്ങ സംഭരിക്കും. കൃഷിഭവൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള ഒരു വർഷത്തെ ഉത്പാദനത്തിന്റെ ആറിലൊന്നു ഭാഗം 2 മാസത്തിലൊരിക്കൽ താങ്ങുവില പ്രകാരം എടുക്കും.

കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ മാവ്, പച്ചക്കറി എന്നിവയ്ക്കുള്ള ഫിറമോൺ കെണികൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറിതൈകൾ, നാടൻ തെങ്ങ്, കമുക്, അവോക്കാഡോ, ആത്തച്ചക്ക, കൊക്കൊ, മാവ്, പനീർചാമ്പ, ഫാഷൻഫ്രൂട്ട്, റംബൂട്ടാൻ, സപ്പോട്ട, മാംഗോസ്റ്റിൻ, പന്നിയൂർ 1 കുരുമുളക്, സർവ്വസുഗന്ധി, ജാതി, ആര്യവേപ്പ്, കറിവേപ്പ്, ഗ്രാമ്പു എന്നിവയുടെ തൈകൾ, ട്രൈക്കോഡെർമ, സമ്പുഷ്ടീകരിച്ച ജൈവ വളങ്ങൾ, ജൈവരോഗ കീട നിയന്ത്രണോപാധികൾ, ജീവാണു വളങ്ങൾ, സൂക്ഷ്മമൂലക വളങ്ങൾ തുടങ്ങിയവ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തിദിവസങ്ങളിൽ 0495 - 2935850 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ 500 കോമാടൻ തെങ്ങിൻ തൈകൾ തൈ ഒന്നിന് 130 രൂപ നിരക്കിൽ വിൽപ്പനയ്ക്കു ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2370540, 2371340 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 56 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള ബി.വി 380, ഗ്രാമശ്രീ എന്നീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ കുഞ്ഞൊന്നിന് 160 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

വെള്ളായണി കാർഷിക കോളേജിലെ ബയോ കൺട്രോൾ ലബോറട്ടറിയിൽ നിന്നും മിത്രപ്രാണികളുടെ മുട്ടകാർഡ് അഥവാ ട്രൈക്കോ കാർഡുകൾ ലഭ്യമാണ്. നെല്ലിന്റെ തണ്ടുതുരപ്പൻ പുഴു, ഓലചുരുട്ടിപ്പുഴു, പച്ചക്കറി വിളകളിലും മറ്റു വിളകളിലും കാണുന്ന പുഴുവർഗ്ഗ കീടങ്ങൾ എന്നിവയ്ക്കെതിരെ ട്രൈക്കോകാർഡുകൾ ഫലപ്രദമാണ്. ഒരു കാർഡിന് 50 രൂപയാണ് വില. ഒരു ഹെക്ടർ നെൽകൃഷിയ്ക്ക് ഒറ്റത്തവണ ഉപയോഗിക്കാൻ 250 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് 9645136567, 9446378182 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക..

# ‘അർക്ക ‘ മാതൃകാ പച്ചക്കറി തോട്ടം മേയർ ഡോ. ബീന ഫിലിപ്പ് ഉൽഘാടനം ചെയ്തു

കോഴിക്കോട് കോർപ്പറേഷൻ പരിസരത്ത് കൃഷി വകുപ്പ്-സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം അർക്ക വെർട്ടിക്കൽ ഗാർഡൻ പ്രദർശന മാതൃക കോർപറേഷൻ മേയർ ഡോ.ബീന ഫിലിപ്പ് വിത്തു നട്ടു ഉദ്ഘാടനം ചെയ്തു. കൗൺസിലർമാരായ ശ്രീ. എ. മൊയ്തീൻ കോയ, ശ്രീ. എൻ.സി.മോയിൻ കുട്ടി, കോർപറേഷൻ സെക്രട്ടറി ശ്രീമതി. യു.ബിനി, ശ്രീ. വി. പി.ഉണ്ണികൃഷ്ണൻ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എം. പ്രദീപ്, ഫാം ഇൻഫർമേഷൻ കോഴിക്കോട് റീജിയണൽ ഓഫീസ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. നിഷ പി.ടി, ഫീൽഡ് ഓഫീസർ ശ്രീ. സാലിം, കൃഷി അസിസ്റ്റന്റ് ശ്രീമതി. സ്നേഹ എസ് എന്നിവർ പങ്കെടുത്തു.



# “ഞങ്ങളും കൃഷിയിലേക്ക്”
# ആധുനിക സങ്കേതങ്ങളുടെ ആവശ്യകത

**എസ്. ശരത്ചന്ദ്രകുമാർ**
ഡപ്യൂട്ടി ഡയറക്ടർ, ഫാം ഇൻഫർമേഷൻ ബ്യൂറോ

കേരളത്തിലെ കാർഷിക മേഖലയിൽ പച്ചക്കറി ഉൾപ്പെടെയുള്ളവയുടെ ലഭ്യത പൂർണതോതിൽ ലഭ്യമാകണമെങ്കിൽ എല്ലാ കുടുംബവും കൃഷിയിലേക്ക് എന്ന ആശയം ഉൾക്കൊണ്ട് സ്വന്തം വീട്ടിലെ പച്ചക്കറിയുടെ ആവശ്യകത ഒരുപരിധിവരെ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ഏറ്റെടുക്കേണ്ടിവരും. ഈ ആശയത്തിന്റെ വിജയത്തിനായി കേരള കൃഷി വകുപ്പ് വളരെയധികം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഈ ആശയം ഉൾക്കൊണ്ട് കുടുംബങ്ങൾ സ്വയം പര്യാപ്തമാകാൻ കൃഷിയിലേക്ക് വരുമ്പോൾ കുറേ ആധുനിക സാങ്കേതങ്ങൾ ഉൾക്കൊണ്ടാൽ അത് വൻ വിജയം ആകുന്നതാണ്. ഇതിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും എന്നിവ എപ്പോഴും സേവന നിരതരാണ്.

താഴെപ്പറയുന്ന സങ്കേതങ്ങൾ ചെറിയ ഒരു പരിശീലനത്തോടെ പ്രാവർത്തികമാക്കാം.



### റൂഫ് ടോപ്പ് പോളിഹൗസ്

1. നമ്മുടെ നാട്ടിൽ ടെറ സുകളിൽ ആവശ്യത്തിലധികം സ്ഥലം ഉപയോഗപ്പെടുത്തുന്നതിന്സാധ്യതകളുണ്ട്. മൂന്നുവർഷം വരെ നിൽക്കുന്ന 200 മൈക്രോൺ ഷീറ്റുകൾ ഈ ആവശ്യത്തിന് വിപണിയിൽ ലഭ്യമാണ്. ഇവ ഉപയോഗിച്ച് ടെറസിൽ ട്രസ്സ് വർക്ക് ചെയ്തു പോളിഹൗസുകൾ നിർമ്മിച്ചെടുക്കാം. ടെറസ്സിലെ തറ ഭാഗം പ്ലാസ്റ്റിക് ഷീറ്റ് വിരിച്ച് അതിനു മുകളിൽ പച്ചക്കറി വിള നടുന്നതിനുള്ള ഗ്രോബാഗുകൾ, മൺചട്ടികൾ എന്നിവ നിരത്തി കൃഷി ചെയ്യാവുന്നതാണ്. ഇത്തരം പോളിഹൗസുകളിൽ തക്കാളി,മുളക്,പയർ, വെള്ളരി, വഴുതന, വെണ്ട എന്നിവ നന്നായി വളരുന്നതാണ്. ഒരു സാങ്കേതിക വിദഗ്ധന്റെ സേവനം പോളിഹൗസ് നിർമ്മാണത്തിന് ലഭ്യമാക്കുന്നത് സാമ്പത്തികനഷ്ടം കുറയ്ക്കുന്നതിനും വിള പരിപാലിക്കുന്നത് ലളിതമാകുന്നതിനും സഹായിക്കും.

### നെറ്റ് ഉപയോഗിച്ചുള്ള കൃഷി

പടർന്നുകയറുന്ന പച്ചക്കറി ഇനങ്ങൾ പഴയ മീൻ വല ഉപയോഗിച്ച് നെറ്റ് ഉറപ്പിച്ച് ചെയ്യാവുന്നതാണ്. അല്പം സാമ്പത്തിക സ്ഥിതി ഉള്ളവർക്ക് കമ്പോളത്തിൽ റെഡിമെയ്ഡ് ആയി ഇതിനാവശ്യമായ പലതരത്തിലുള്ള നെറ്റുകൾലഭ്യമാണ്.10m x 2m, 3mx1m നെറ്റുകൾ ആണ് സാധാരണ കൂടുതലായി ഉപയോഗിക്കുന്നത്.

### ഫൈബർ ഗ്ലാസ് ഹൗസ്

(ഫൈബർ കൊണ്ടുണ്ടാക്കിയ യൂണിറ്റുകൾ) പച്ചക്കറി ഉത്പാദനത്തിന് ടെറസിലെ സാധാരണ പോളിഹൗസുകൾ മൂന്നു വർഷക്കാലം ഈടു നിൽക്കുമെങ്കിൽ ഫൈബർ ഗ്ലാസ് പോലുള്ള ഗ്ലാസ് ഹൗസുകൾ ദീർഘകാലം നീണ്ടു നിൽക്കുന്നതാണ്. കൂടുതൽ മുടക്കുമുതൽ വേണ്ടി വരുന്നതുകൊണ്ട് സാമ്പത്തികഭദ്രത ഉള്ളവർക്ക് ദീർഘകാലം നീണ്ടു നിൽക്കുമെന്നതു കാരണം ഇത് മെച്ചപ്പെട്ട രീതിയാണ്.

### തുള്ളിനന രീതികൾ

ടെറസ് പോളി ഹൗസ് കൃഷി എന്നിവയ്ക്ക് വളരെ അത്യന്താപേക്ഷിതമാണ് ജലസേചനം. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർധിപ്പിക്കുക, ഉയർന്ന ഉത്പാദനം ഉറപ്പുവരുത്തുക, ജലസേചനത്തോടൊപ്പം വളപ്രയോഗം നടപ്പാക്കുക എന്നിവ സംയോജിപ്പിക്കാനാകും.

തുള്ളിനനയ്ക്ക് ആവശ്യമായ ഹോം കിറ്റുകൾ ഇന്ന് വിപണിയിൽ വിവിധ കമ്പനികൾ പുറത്തിറക്കുന്നുണ്ട്.

ഗുരുത്വാകർഷണം മുഖേന പ്രവർത്തിക്കുന്ന ചെലവുകുറഞ്ഞ ഡ്രോപ്പ് കിറ്റുകളും ഇപ്പോൾ ലഭ്യമാണ്.

### വെർട്ടിക്കൽ സ്റ്റാൻഡുകൾ

പ്രത്യേകം തയ്യാറാക്കിയ ഇരുമ്പു ഫ്രെയിം മുകളിലുള്ള സ്റ്റാൻഡുകളിൽ പ്രത്യേകം തയ്യാർ ചെയ്ത അറകളിൽ പൂച്ചട്ടികൾ, മണ്ണ് നടീൽ മിശ്രിതം എന്നിവ നിറച്ച കൃഷിചെയ്യുന്ന രീതിയാണ് ഇത്. കെട്ടിട സമുച്ചയങ്ങളിൽ യോജിച്ച മാതൃകയാണ് ഇത്. അധികം ഉയരത്തിൽ വളരാത്ത പച്ചക്കറി ഇനങ്ങളാണ് ഇവയിൽ അനുയോജ്യം.

# വെച്ചൂർ വിശേഷങ്ങൾ

ഡോ. ആശ റ്റി.റ്റി

കോട്ടയം ജില്ലയിലെ വെച്ചൂർ ഇന്ന് ദേശീയ ശ്രദ്ധ ആകർഷിച്ചിരിയ്ക്കുയാണ്. പത്മശ്രീ ഡോ ശോശാമ്മ ഐപ്പ് എന്ന ജനിതകശാസ്ത്രജ്ഞ വർഷങ്ങൾക്കു മുൻപ് തുടങ്ങിയ കേരളത്തിന്റെ തനതു ജനുസായ വെച്ചൂർ എന്ന പശുവിന്റെ സംരക്ഷണപ്രവർത്തനങ്ങൾ ഇന്ന് ലോക ശ്രദ്ധ നേടിയിരിയ്ക്കുന്നു. പത്മശ്രീ ഡോ ശോശാമ്മ ഐപ്പിന്റെ പഠനങ്ങളെ അടിസ്ഥാനമാക്കി വെച്ചൂർ പശുക്കളുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് നോക്കാം.

വളരെ കുറിയവരാണ് വെച്ചൂർ പശുക്കൾ. കേരളത്തിലെ ഏക അംഗീകൃത പശു ജനുസാണ് വെച്ചൂർ. വെച്ചൂർ കാളകളുടെ പരമാവധി ഉയരം ഒരു മീറ്ററാണ്. പശുക്കൾക്ക് പൊക്കം 90 സെന്റീമീറ്ററിലും താഴെ മാത്രം. ജനനസമയത്ത് 11 കിലോയോളം തൂക്കം വരുന്ന കാളക്കുട്ടികൾ ഒൻപത് മാസം പ്രായമാകുമ്പോഴേയ്ക്കും 64 കിലോളം തൂക്കം വയ്ക്കുന്നതായി കാണപ്പെടുന്നു. മുതിർന്ന കാളകൾക്ക് 175 കിലോയോളവും പശുക്കൾക്ക് 135 കിലോയോളവും തൂക്കം വരും.

എട്ടുമാസത്തോളം നീളുന്ന കറവക്കാലത്ത് ദിനംപ്രതി ഏകദേശം രണ്ടരലിറ്റർ പാൽ മാത്രമാണ് ഇവയുടെ ഉൽപാദനം. എ2 ബീറ്റാകേസീൻ അടങ്ങിയ വെച്ചൂർ പശുക്കളുടെ പാല് ആരോഗ്യ സംരക്ഷണത്തിനു വളരെ നല്ലതാണെന്ന് പഠനങ്ങൾ കാണിയ്ക്കുന്നു. മാത്രമല്ല കൊഴുപ്പുകണികകൾ വളരെ ചെറുതായതിനാൽ എളുപ്പത്തിൽ ദഹിയ്ക്കുകയും ചെയ്യും. ആയതിനാൽ കുട്ടികൾക്കും പ്രായമായവർക്കും അസുഖക്കാർക്കുമെല്ലാം വെച്ചൂർ പശുവിന്റെ പാല് നല്ലതാണ്. പച്ചപ്പുല്ല് മാത്രം കൊടുത്തു വളർത്താൻ കഴിയും എന്നതും കുറച്ച് തീറ്റയിൽ പരിപാലിയ്ക്കാം എന്നതുമെല്ലാം വെച്ചൂരിനെ കർഷകർക്ക് പ്രിയമുള്ള പശുക്കളാക്കുന്നു. പാലിനെപ്പോലെ തന്നെ ഇതിന്റെ ചാണകത്തിനും പ്രത്യേകതകൾ ഉള്ളതായി ഗവേഷണങ്ങൾ കാണിയ്ക്കുന്നു. സൂക്ഷമാണുക്കളുടെ അളവ് ചാണകത്തിൽ വളരെ കൂടുതലാണ്. സങ്കര പശുക്കളുടെ ചാണകത്തിനുള്ള ദുർഗന്ധം ഇവയുടെ ചാണകത്തിനുണ്ടാവാറില്ല. വളരെ നല്ല ജൈവവളമാണിത്.

കേരളത്തിന്റെ കാലാവസ്ഥയിൽ ഉരുത്തിരിഞ്ഞുവന്ന, അത്യുഷ്ണവും കൂടിയ അന്തരീക്ഷ ആർദ്രതയും താങ്ങാൻ കഴിയുന്ന, ഉഷ്ണമേഖലയിൽ കാണുന്ന രോഗങ്ങൾക്കെതിരെ നല്ല രോഗപ്രതിരോധശേഷി കാണിയ്ക്കുന്ന വെച്ചൂർ പൈക്കൾ കേരളത്തിലെ ചെറുകിട കർഷകരെ സംബന്ധിച്ച് വളർത്താൻ പറ്റിയ ഇനമാണ്. വളരെ കുറച്ച് സ്ഥലത്ത് കുറച്ച് തീറ്റ നൽകി പരിപാലിയ്ക്കാം എന്നതിനാൽ തന്നെ വീട്ടാവശ്യത്തിനു പാലുകിട്ടാനായും അടുക്കളകൃഷിയ്ക്കായും, വീട്ടുമുറ്റത്തെ ചെറിയ പൂന്തോട്ടത്തിനായി ജൈവവളം വേണമെന്നുള്ളവർക്കും വളർത്താൻ പറ്റിയ പശുക്കളാണ് വെച്ചൂർ.



# നാളികേരത്തിന്റെ മൂല്യവർധിത സംരംഭങ്ങൾ വികസിപ്പിക്കണം: കൃഷിമന്ത്രി ശ്രീ. പി.പ്രസാദ്

നാളികേരത്തിന്റെ മൂല്യവർധിത സംരംഭങ്ങൾക്കു വൻ സാധ്യതകളാണ് സംസ്ഥാനത്തുള്ളതെന്നും ഈ മേഖലയിലെ കർഷകരുടെ വരുമാന വർദ്ധനവിനായി ഇത്തരം സംരംഭങ്ങൾ എല്ലാ പഞ്ചായത്തുകളിലും ഉണ്ടാകണമെന്നും കൃഷിമന്ത്രി ശ്രീ. പി.പ്രസാദ് അഭിപ്രായപ്പെട്ടു. തിരുവനന്തപുരം കഴക്കൂട്ടം കൃഷിഭവൻ പരിധിയിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതി ഓൺലൈനായി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

മൂന്നു വർഷങ്ങളിലായി നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിക്കായി 76 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളതെന്ന് മന്ത്രി പറഞ്ഞു. മൂന്നു വർഷം കഴിഞ്ഞാലും പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മുന്നോട്ടുപോകണം. നാളികേരാധിഷ്ഠിത സംരംഭകത്വ യൂണിറ്റുകൾ ആദ്യവർഷം തന്നെ ആരംഭിക്കുകയും വേണം. ഉരുക്കു വെളിച്ചെണ്ണ, തേങ്ങാപ്പാൽ പൊടി, കോക്കനട്ട് ചിപ്സ് തുടങ്ങി നൂറിലധികം ഉൽപ്പന്നങ്ങൾ നാളികേരത്തിൽ നിന്നും ഉണ്ടാക്കാം. ഇവ ബ്രാൻഡ് ചെയ്ത് പ്രാദേശിക വിപണിയിൽ എത്തിക്കണം. വൻകിട കമ്പനികളുടെ കൃത്രിമ ഉത്പന്നങ്ങളെക്കാൾ എന്തുകൊണ്ടും ഗുണമേന്മയുള്ള തനത് പ്രാദേശിക ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുവാനും കേര സമിതി പോലുള്ള കൂട്ടായ്മകൾക്ക് കഴിയണമെന്ന് മന്ത്രി സൂചിപ്പിച്ചു.

കഴക്കൂട്ടം, ചന്തവിള, കാട്ടായിക്കോണം എന്നീ വാർഡുകളിലെ 250 ഹെക്ടർ സ്ഥലത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. തെങ്ങോലയിൽ നിന്നും സ്ട്രോ നിർമ്മാണത്തിനുള്ള പദ്ധതിയാണ് കഴക്കൂട്ടം കേരസമിതി ഉദ്ദേശിക്കുന്നത്.

തിരുവനന്തപുരം കോർപ്പറേഷൻ മേയർ കുമാരി ആര്യ രാജേന്ദ്രൻ ചടങ്ങിൽ അധ്യക്ഷയായിരുന്നു. ചന്തവിള വാർഡ് കൗൺസിലർ ശ്രീ. ബിനു. എം. ചടങ്ങിന് സ്വാഗതം പറഞ്ഞു.



മികച്ച കർഷകനായ ശ്രീ. ഗണപതി പോറ്റിയെ ചടങ്ങിൽ ആദരിച്ചു. ചടങ്ങിൽ നഗരസഭയിലെ വിവിധ സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങൾ,വാർഡ് കൗൺസിലർമാർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ. ബൈജു സൈമൺ, രാഷ്ട്രീയ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. കൃഷി അഡീഷണൽ ഡയറക്ടർ ശ്രീ. ജോർജ് അലക്സാണ്ടർ പദ്ധതി വിശദീകരണം നടത്തി. കഴക്കൂട്ടം കൃഷി ഓഫീസർ ശ്രീമതി. ദീപ.എസ്. ചടങ്ങിൽ നന്ദിയും പറഞ്ഞു.

# പൗൾട്രി വികസന കോർപ്പറേഷന്റെ കൂടും കോഴിയും പദ്ധതി

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന കൂടും കോഴിയും പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ .ചിഞ്ചു റാണി കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ ജാനുവരി 31 ന് നിർവ്വഹിച്ചു.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh